**R1-2664/13**

മൂവാറ്റുപുഴ നഗരസഭ,
തീയതി 12/9/2013

വിഷയം:- മൂവാറ്റുപുഴ നഗരസഭ- വസ്തുനികുതി പരിഷ്ക്കരണം ഭേദഗതി ചെയ്ത അന്തിമ വിജ്ഞാപനം- പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 1) 14/01/2011 ലെ 17/2011 -ാം നമ്പർ ത.സ്വ.ഭ.വ.ഉത്തരവ്
2) 23/03/2012 ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം.
3) 15/03/2013 ലെ 100/2013 നമ്പർ ത.സ്വ.ഭ.വ. സ.ഉ.(അ)
4) 24/06/2013 ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം.

***

മേൽ സൂചിത (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ നഗരസഭാ പരിധിയിലെ വസ്തു നികുതി നിരക്കും റോഡുകളുടെ തരംതിരിവും മേഖലാ വിഭജനവും 2011 ഏപ്രിൽ ഒന്നാം തീയതി മുതൽ പ്രാബല്യം നൽകി താൽക്കാലികമായി നിശ്ചയിച്ചുകൊണ്ട് 28/11/11 ന് പൊതുജനങ്ങളിൽ നിന്നും ലഭിച്ച അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും കൂടി പരിഗണിച്ച് സൂചന(2) തീരുമാനം കൈക്കൊണ്ടിരുന്നു. സൂചന(1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന ചട്ടങ്ങളും, അതിന് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറങ്ങളും ഭേദഗതി ചെയ്തുകൊണ്ട് സൂചന(3) പ്രകാരം 1/4/2013 മുതൽ പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിച്ചി ട്ടുള്ളതാകുന്നു. ആയത് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധം ചെയ്ത് പൊതുജനാഭിപ്രായം കൂടി ആരാഞ്ഞ് കെട്ടിടത്തിന്റെ തറ വിസ്തൃതിയിലുള്ള ഏറ്റക്കുറവുകളും, നിർമ്മിതി സ്വഭാവവും വാടകയ്ക്കു നൽകിയിട്ടുള്ളതിന്റെ നികുതി വർദ്ധനവ് ഒഴിവാക്കിയും, 1/4/2013 മുതൽ 5 വർഷത്തേക്ക് താഴെ വിവ രിക്കും പ്രകാരം അടിസ്ഥാന നികുതി നിരക്കും, മേഖലാ വിഭജനവും, റോഡുകളുടെ തരംതിരിവും സൂച ന(4) പ്രകാരം അംഗീകരിച്ചിട്ടുള്ളതാകുന്നു. ആയത് അന്തിമ വിജ്ഞാപനമായി മൂവാറ്റുപുഴ നഗരപരിധി യിലെ നികുതിദായകരുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഭേദഗതികൾ

| ക്രമ നമ്പർ | കെട്ടിടങ്ങളുടേയും ഉപവിഭാഗങ്ങളുടേയും വിവരണം | നികുതി നിരക്ക് ച.മീറ്ററിൽ | |
|---|---|---|---|
| | വാണിജ്യാവശ്യത്തിനുള്ളവ: | നിലവിൽ | വർദ്ധിപ്പിച്ചത് |
| 1. | 100 ച.മീറ്റർ വരെ തറ വിസ്തീർ ണ്ണമുള്ള ഹോട്ടൽ/ റെസ്റ്റോറന്റുകൾ/ഷോപ്പുകൾ/ ഗോഡൗണുകൾ | 55 | 70 |
| 2. | 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണമു ള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പു കൾ, ഗോഡൗണുകൾ | 80 | 90 |
| 3. | 200 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 100 | 130 |
| 4 | ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റ റുകൾ, ഫ്യുവൽ സ്റ്റേഷനുകൾ | 55 | 60 |

സർക്കാർ വിജ്ഞാപനപ്രകാരം നഗരസഭാ പ്രദേശത്തുകൂടി പോകുന്നതോ, നഗരസഭയുടെ ഉള ളിലോ ആയ റോഡുകളെയും, 5 മീറ്ററൊ, അതിൽ കൂടതലോ വീതിയുള്ള റോഡുകൾ, 5 മീറ്റർ കുറവും 1.50 മീറ്റർ കൂടുതലുള്ള റോഡുകൾ, നടപ്പാതകൾ, 1.5 മീറ്ററോ അതിൽ കുറവോ വീതിയുള്ള നടപ്പാതകൾ എന്നിങ്ങനെ വേർതിരിച്ചിട്ടുണ്ട്. (റോഡുകളുടെ വിവരങ്ങൾ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തിയിട്ടു ണ്ട്). ഇതുസംബന്ധിച്ച് വിശദവിവരങ്ങൾ നഗരസഭ നോട്ടീസ്ബോർഡിലും www.muvattupuzhamunicipality.in എന്ന വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

**സെക്രട്ടറി**